*മത്സ്യബന്ധന തുറമുഖങ്ങൾ*

111 [2724] *ശ്രീ. കെ. സുധാകരൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങൾക്കാണ് കേന്ദ്രാനുമതി ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനുദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാം ;

(സി) പ്രസ്തുത പദ്ധതിക്കുള്ള ധനസഹായം കേന്ദ്രത്തിൽനിന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തു മറുപടിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) പുതുതായി കാസർഗോഡ്, ചെറുവത്തൂർ, തലായി, ചേറ്റുവ എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനായി കേന്ദ്രാനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നീണ്ടകര, മാപ്പിളബേ, ബേപ്പൂർ, പുതിയാപ്പ, ചോമ്പാൽ, മുനമ്പം എന്നിവയാണ് പ്രസ്തുത തുറമുഖങ്ങൾ.

(സി) & (ഡി) നീണ്ടകര, മാപ്പിളബേ, ചോമ്പാൽ, പുതിയാപ്പ എന്നീ ഫിഷിംഗ് ഹാർബറുകളുടെ നവീകരണത്തിന് 153.45 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 50 % കേന്ദ്രസഹായമാണ്. ഈ പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. കൂടാതെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണത്തിന് 50 % കേന്ദ്രസഹായത്തോടെയുള്ള 273.60 ലക്ഷം രൂപയ്ക്കുള്ള പദ്ധതി അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. അതുപോലെ മുനമ്പം ഫിഷറി ഹാർബർ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി എ. എസ്. ഐ. ഡി. ഇ. SCHEME-ൽപെടുത്തി 227 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. കൂടാതെ എഫ്.എ.ഒ.യുടെ "കപ്പാസിറ്റി ബിൽഡിംഗ് ഇൻ സപ്പോർട്ട് ഓഫ് ക്ലീൻ ഫിഷിംഗ് ഹാർബേഴ്സ്" എന്ന സ്കീമിൽ മുനമ്പം ഫിഷിംഗ് ഹാർബറിനെക്കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly